**Series ΣHEFG**

**SET ~ 4**

ചോദ്യപേപ്പർ കോഡ്
**Q.P. Code 12**

रोल नं.
**Roll No.**

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |

Candidates must write the Q.P. Code on the title page of the answer-book.

- ചോദ്യപേപ്പറിൽ അച്ചടിച്ച **15** പുറങ്ങളുമുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുഭാഗത്തു കൊടുത്തിരിക്കുന്ന ചോദ്യപേപ്പർ കോഡ് ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.
- ചോദ്യപേപ്പറിൽ **12** ചോദ്യങ്ങൾ ഉണ്ടോയെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- **ഉത്തരമെഴുതുന്നതിനു മുമ്പായി ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**
- ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.

- Please check that this question paper contains **15** printed pages.
- Q.P. Code given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **12** questions.
- **Please write down the serial number of the question in the answer-book before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the candidates will read the question paper only and will not write any answer on the answer-book during this period.

# മലയാളം

# MALAYALAM

അനുവദിച്ച സമയം: **3** മണിക്കൂർ
Time allowed : **3** hours

ആകെ മാർക്ക്: **80**
Maximum Marks : **80**

This question paper is divided into **two** sections.

***Section A*** : *Objective (MCQ)* ***40*** *marks.*

***Section B*** : *Descriptive* ***40*** *marks.*

## എ. വിഭാഗം / SECTION - A

1. ഖണ്ഡിക വായിച്ച് ഏതെങ്കിലും ആറു ചോദ്യങ്ങളുടെ ഉത്തരം എഴുതുക : **6 × 1 = 6**

ആരാധനാലയങ്ങളുടെയും കൊട്ടാരങ്ങളുടെയും ചുമരുകളിൽ, ചായംകൊണ്ട് വരച്ചിട്ടുള്ള നിരവധി ചിത്രങ്ങൾ ഇപ്പോഴും അവശേഷിച്ചിട്ടുണ്ട്. അവ കേരളീയ ചിത്രകലയുടെ ഒരു സവിശേഷമുഖം വ്യക്തമാക്കുന്നു. പതിനാറാം നൂറ്റാണ്ടിൽ എഴുതപ്പെട്ട, ശ്രീകുമാരന്റെ ശില്പരത്നം ഈ വിധമുള്ള ചുമർചിത്രങ്ങൾ ആലേഖനം ചെയ്യുന്നതിനെപറ്റി പറയുന്നുണ്ട്. അത്യന്തംക്ലേശകരമാണ് ചുമർ ചിത്രരചന. കുമ്മായം, മണൽ എന്നിവ രണ്ട്, ഒന്ന് എന്ന അനുപാതത്തിൽ എടുത്ത്, ഊറയ്ക്കിട്ട ഉഴിഞ്ഞവള്ളി നീരോശർക്കരവെള്ളമോ ചേർത്ത്, കുഴച്ച് പൂശിയാണ് ചിത്ര രചനയ്ക്കുള്ള പ്രതലം ഒരുക്കുക. പിന്നീട്, ഈകുമ്മായക്കൂട്ടിൽ ഇലവിൻപഞ്ഞി ചേർത്ത് അരച്ച്പരത്തി പ്രതലം മിനുസമാക്കും. നനവില്ലാത്ത പ്രതലത്തിലും ഈർപ്പമുള്ള പ്രതലത്തിലും ചിത്രങ്ങൾ വരയ്ക്കാം. മനയോല, കോലരക്ക്, ചായില്യം, അമരി നീലം തുടങ്ങിയവയാണ് അസംസ്കൃത വസ്തുക്കൾ. നെയ്ത്തിരി കത്തിച്ചതിനു മുകളിൽ പാത്രം കമിഴ്ത്തിപ്പിടിച്ച കരി ആണ് കറുപ്പുനിറത്തിന് ഉപയോഗിക്കുക. മരപ്പാത്രങ്ങളിലാണ് ചായംകലക്കുക. ഈ ചായക്കൂട്ട് മങ്ങുകയില്ല. സ്വത്വഗുണത്തിന് വെളുപ്പ്, രജോഗുണത്തിന് ചുവപ്പും പച്ചയും, തമോഗുണത്തിന് കറുപ്പും പച്ചയും എന്നിങ്ങനെയാണ് സാമാന്യ രീതി. കന്യാകുമാരിയിലെ തിരുനന്ദിക്കര ഗുഹാഭിത്തികളിലെ ചിത്രങ്ങളാണ് ഏറ്റവും പഴയവ. എ.ഡി. ഒമ്പതാംനൂറ്റാണ്ടാണ് ഇവയുടെ കാലം എന്ന് കരുതപ്പെടുന്നു. എന്നാൽ പിന്നീട് ഒന്ന് രണ്ട് നൂറ്റാണ്ട് കാലത്തേയ്ക്ക് ഈ മാതിരി ചിത്രങ്ങൾ കാണുന്നില്ല. എങ്കിലും ഗോദരവിവർമ്മന്റെ പത്താംനൂറ്റാണ്ടിലെ ഒരു ശാസനത്തിൽ, ചിത്രക്കാരൻമാരെക്കുറിച്ച് സൂചനകളുണ്ട്. പത്മനാഭപുരം കൊട്ടാരത്തിലെ ചിത്രങ്ങളിൽ ഒന്നിലധികം കലാകാരൻമാരുടെ മുദ്രകാണാം. അവ പുതുക്കി വരച്ചതിൽ വിജയ നഗരത്തിലെ ചിത്രരചനാശൈലി ഉണ്ടെന്ന് വിദഗ്ദ്ധർ പറയുന്നു. കോട്ടയ്ക്കൽ ചിത്രങ്ങളിൽ തഞ്ചാവൂർ ചിത്രാലേഖ്യത്തിന്റെ ശൈലികാണാം എന്നാണ് കലാനിരൂപകരുടെ മതം. ഇവ താരതമ്യേന ആധുനികമാണ്. ചുമർച്ചിത്രങ്ങളുടെ രചനയ്ക്ക് ശേഷം ഒരുതരം എണ്ണ പൂശി ചിത്രങ്ങൾക്ക് സംരക്ഷണം നൽകിയിരുന്നു. എട്ടാം നൂറ്റാണ്ടോടെയാണ് ശില്പകലയ്ക്ക് കൂടുതൽ പ്രാധാന്യം കൈവരുന്നത്. കല്ല്, മരം, ലോഹങ്ങൾ എന്നിവയാണ് പ്രധാനമായും ശില്പകലയ്ക്ക് ഉപയോഗിക്കുന്നത്. നൃത്തത്തിലെ ചടുലമായ ചലനത്തിലെ നിമിഷങ്ങളെ അനശ്വരമാക്കുന്ന ശില്പങ്ങൾ അനശ്വരമാണ്.

**ചോദ്യങ്ങൾ :**

I. ശില്പരത്നം എഴുതിയതാരാണ് ?

(a) ഗോദരവിവർമ്മൻ

(b) രവിവർമ്മ

(c) ശ്രീകുമാരൻ

(d) ഗോദവർമ്മ

II. ചുമർച്ചിത്ര രചനയ്ക്ക് പ്രതലം മിനുസമാക്കുന്നത് ഏതു വിധത്തിലാണ് ?

(a) ഉഴിഞ്ഞവള്ളിനീർചേർത്ത്

(b) ശർക്കരവെള്ളം ചേർത്ത് കുഴച്ച്

(c) മണലും കുമ്മായവും ചേർത്ത്

(d) ഇലവിൻ പഞ്ഞി ചേർത്ത്

III. തിരുനന്ദിക്കരയിലെ ചിത്രത്തിന്റെ സവിശേഷതയെന്താണ് ?

(a) താരതമ്യേന ആധുനികമാണ്

(b) ഏറ്റവും പഴയതാണ്

(c) വിജയനഗര ശൈലിയാണ്

(d) തഞ്ചാവൂർ ശൈലിയാണ്

IV. ഒന്നിലധികം കലാകാരൻമാരുടെ മുദ്രകാണാവുന്നത് എവിടെയുള്ള ചിത്രങ്ങളിലാണ് ?

(a) പത്മനാഭപുരം കൊട്ടാരത്തിൽ

(b) വിജയ നഗരത്തിൽ

(c) തിരുനന്ദിക്കരയിൽ

(d) കോട്ടയ്ക്കൽ

V. ശില്പകലയ്ക്ക് കൂടുതൽ പ്രാധാന്യം ലഭിച്ചത് എപ്പോഴാണ് ?

(a) പതിനാറാം നൂറ്റാണ്ടിൽ

(b) എട്ടാം നൂറ്റാണ്ടിൽ

(c) പത്താം നൂറ്റാണ്ടിൽ

(d) ഒമ്പതാം നൂറ്റാണ്ടിൽ

VI. ചുമർച്ചിത്രങ്ങൾക്ക് സംരക്ഷണം നൽകിയിരുന്നതെങ്ങനെ ?

(a) ഈർപ്പം നിലനിർത്തിക്കൊണ്ട്

(b) മുദ്രവെച്ച് സൂക്ഷിച്ച്

(c) നെയ്ത്തിരി കത്തിച്ചതിനു മുകളിൽ പാത്രം കമഴ്ത്തി

(d) ഒരുതരം എണ്ണ അവയ്ക്കുമേൽപൂശി

VII. സാധാരണയായി ചുവപ്പ്, പച്ച എന്നീ നിറങ്ങൾ ഏതുഗുണങ്ങൾക്കാണ് ഉപയോഗിക്കുക ?

(a) തമോ ഗുണം

(b) സത്വ ഗുണം

(c) രജോ ഗുണം

(d) രജസ്തമോ ഗുണം

2. ഏതെങ്കിലും നാല് ചോദ്യങ്ങളുടെ ശരിയുത്തരം എടുത്തെഴുതുക. $4 \times 1 = 4$

I. ഉൽപ്രേക്ഷ ഉൾപ്പെടുന്നത് ഏത് അലങ്കാര വിഭാഗത്തിലാണ് ?

(a) അതിശയോക്തി

(b) സാമ്യോക്തി

(c) വാസ്തവോക്തി

(d) ശ്ലേഷോക്തി

II. ഉൽപ്രേക്ഷിക്കുക എന്ന പദത്തിന്റെ അർത്ഥമെന്താണ് ?

(a) അതിശയിക്കുക

(b) സാദൃശ്യപ്പെടുത്തുക

(c) വിശദീകരിക്കുക

(d) ഊഹിക്കുക

III. ധർമ്മ്യുൽ പ്രേക്ഷയ്ക്കുള്ള മറ്റൊരുപേര് ഏത് ?

(a) സ്വരൂപോൽപ്രേക്ഷ

(b) സ്വരോൽപ്രേക്ഷ

(c) സത്യോൽപ്രേക്ഷ

(d) ഗമ്യോൽപ്രേക്ഷ

IV. ഉൽപ്രേക്ഷയിലെ അവർണ്യത്തിന്റെ പ്രത്യേകതയെന്ത് ?

(a) വാസ്തവമായിരിക്കും

(b) പ്രശസ്തമായിരിക്കും

(c) സാധാരണമായിരിക്കും

(d) കവികല്പിതമായിരിക്കും

V. വിഷയം ഒരു ധർമ്മമായാൽ ആ ഉൽപ്രേക്ഷാ വിഭാഗത്തിന്റെ പേരെന്ത് ?

(a) ധർമ്മ്യുൽപ്രേക്ഷ

(b) ഗമ്യോൽപ്രേക്ഷ

(c) ധർമ്മോൽപ്രേക്ഷ

(d) ഹേതുൽപ്രേക്ഷ

3. താഴെ കൊടുത്തതിൽ ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ശരിയുത്തരം എഴുതുക : **5 × 1 = 5**

I. ഭ്രാന്തസ്നേഹത്തിനു ദാഹംപെരുകി കാട്ടാളൻ എവിടെയാണ് ഇരുന്നത് ?

(a) ആറ്റിൻ കരയിൽ

(b) മലയോരത്ത്

(c) മാന്തോപ്പുകളുരുകും മണ്ണിൽ

(d) അലകടലിൻ തീരത്ത്

II. തുഞ്ചത്തെഴുത്തച്ഛന്റെ ജീവിത കാലഘട്ടം ഏത് ?

(a) പതിനെട്ടാം നൂറ്റാണ്ട്

(b) പത്തൊമ്പതാം നൂറ്റാണ്ട്

(c) പതിനാറാം നൂറ്റാണ്ട്

(d) പതിനഞ്ചാം നൂറ്റാണ്ട്

III. പടയണിയിലെ ഏതു കോലമാണ് കിരാതവൃത്തത്തിന് അടിസ്ഥാനം ?

(a) നിണഭൈരവിക്കോലം

(b) മറുതക്കോലം

(c) ഗണപതിക്കോലം

(d) കാലൻകോലം

IV. ശീലാവതി ആവലാതികൾക്കൊടുവിൽ ആശ്വാസം കണ്ടെത്തുന്നത് എന്തിലാണ് ?

(a) ഭർത്താവിന്റെ രോഗ ശമനത്തിൽ

(b) ജന്മനായുള്ള ജാതകദോഷത്തിൽ

(c) സ്വന്തം ആരോഗ്യത്തിൽ

(d) സാമ്പത്തിക ഭദ്രതയിൽ

V. കഥകളിയിൽ കഥാപാത്രങ്ങളുടെ സംഭാഷണം വരുന്ന ഭാഗത്തിനു പറയുന്നതെന്ത് ?

(a) ശ്ലോകം

(b) ദണ്ഡകം

(c) ആട്ടക്കഥ

(d) പദം

VI. കുഞ്ചൻ നമ്പ്യാരുടെ കൃതി ഏതാണ് ?

(a) കുരുക്ഷേത്രം

(b) ഭാരതപര്യടനം

(c) കല്യാണ സൗഗന്ധികം

(d) രണ്ടാമൂഴം

4. ഏതെങ്കിലും അഞ്ചെണ്ണത്തിന് ശരിയുത്തരം കണ്ടെത്തി എഴുതുക. **5 × 1 = 5**

I. ഈ ഡിജിറ്റൽ കാലത്ത് കനത്ത വെല്ലുവിളി നേരിടുന്ന ഘടകം ഏതാണ് ?

(a) വ്യക്തി സ്വകാര്യത

(b) വ്യക്തി സ്വാതന്ത്ര്യം

(c) സമൂഹ സ്വാതന്ത്ര്യം

(d) പ്രതികരണ ശേഷി

II. ആ നോട്ടം കണ്ടില്ലെന്നു നടിച്ച് ആൺഗൗളി തന്നോടുതന്നെ പറഞ്ഞു ഏതുനോട്ടം ?

(a) സന്ദർശകയുടെ നിരാശ നിറഞ്ഞ നോട്ടം

(b) ആരതിയുടെ ദയനീയമായ നോട്ടം

(c) പെൺ ഗൗളിയുടെ അത്ഭുതാദരങ്ങളോടെയുള്ള നോട്ടം

(d) ഡോക്ടറുടെ താക്കീതു നിറഞ്ഞ നോട്ടം

III. ഗ്രേസിയുടെ ആദ്യകഥാസമാഹാരം ഏത് ?

(a) നരക വാതിൽ

(b) രണ്ട് സ്വപ്ന ദർശികൾ

(c) ഭ്രാന്തൻ പൂക്കൾ

(d) പടിയിറങ്ങിപ്പോയ പാർവ്വതി

IV. "എനിയ്ക്കറിയില്ല; ആരും കണക്കെടുത്തിട്ടില്ലെന്നുമാത്രമറിയാം" – ആരുടെ വാക്കുകളാണിത് ?

(a) കച്ചവടക്കാരൻ

(b) വഴിയാത്രക്കാരൻ

(c) ദിവാകരൻ

(d) കുട്ടികൾ

V. 'നവമാധ്യമങ്ങൾ-ശക്തിയും സാധ്യതയും' എന്ന ലേഖനത്തിന്റെ കർത്താവാര് ?

(a) വി.കെ. ആദർശ്

(b) വി.കെ. ശ്രീരാമൻ

(c) വി.കെ. കുമാരൻ

(d) വി.കെ. ആകാശ്

VI. ഒരു ഭയം മാത്രമാണ് അപ്പോഴും അയാളെ നിരുത്സാഹപ്പെടുത്തിയത്-ഏതു ഭയം ?

(a) വെളിച്ചത്തെക്കുറിച്ചുള്ള ഭയം

(b) ആവശ്യമുള്ള ചിത്രം തിരിച്ചറിയാൻ കഴിയുമോ എന്ന ഭയം

(c) കുട്ടികൾ തന്നെ കണ്ടെത്തുമോ എന്ന ഭയം

(d) കച്ചവടക്കാരന് നീരസം തോന്നുമോ എന്ന ഭയം

5. തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും ഓരോ മാർക്ക് വീതം) **5 × 2 = 10**

I. (A) ഉഗ്രതപസ്സിന്റെ അച്ഛൻ ആരാണ് ?

(a) ഉഗ്രസേനൻ

(b) സുതപസ്സ്

(c) വീരതപസ്സ്

(d) വിരസേനൻ

(B) അദ്ദേഹത്തിന്റെ വംശമേത് ?

(a) സൂര്യവംശം

(b) ചന്ദ്രവംശം

(c) യാദവ വംശം

(d) ഭൃഗു വംശം

II. "ധീമാനവനെന്നോട് നാമവും വാർത്തയും ചൊന്നാൻ" –

(A) ആരാണ് ധീമാൻ ?

(a) ബാഹുകൻ

(b) ഋതുപർണ്ണൻ

(c) ഭീമൻ

(d) ബ്രാഹ്മണൻ

(B) ആരോടാണവൻ നാമവും വാർത്തയും ചൊല്ലിയത് ?

(a) ദമയന്തിയോട്

(b) ഋതുപർണ്ണനോട്

(c) ഭീമ രാജാവിനോട്

(d) കേശിനിയോട്

III. "കേട്ടു കേളിയേയുള്ളു, കണ്ടിട്ടില്ലേവം മുന്നം" –

(A) ആരുടെ വാക്കുകളാണിത് ?

(a) വിശ്വാമിത്രൻ

(b) കണ്വമഹർഷി

(c) ദുഷ്യന്തൻ

(d) സർവ്വദമനൻ

(B) എന്തിനെക്കുറിച്ചുള്ള കേട്ടുകേൾവി ?

(a) കുലീനത

(b) അലസാലാപം

(c) പരദോഷം

(d) ധാർഷ്ട്യം

IV. (A) കാറ്റിന്റെ ചിലങ്കകൾകെട്ടി, ചോലമരത്തിൻ ചോട്ടിൽ ചുവടൊത്തുകളിച്ചതാര് ?

(a) ആൺകുട്ടികൾ

(b) പെൺകുട്ടികൾ

(c) കാടത്തികൾ

(d) വേട്ടക്കാർ

(B) അപ്പോൾ കാട്ടാളൻ എന്തു ചെയ്യുകയായിരുന്നു ?

(a) പഴഞ്ചാറ് മോന്തി താളം കൊട്ടിതലയാട്ടി,

(b) തേൻകൂട് തേടിപ്പോയി

(c) നട്ടെല്ലു നിവർന്നെഴുന്നേറ്റു

(d) ഉടലാകെയുലച്ച് അലറി

V. (A) സാമൂഹിക സമ്പർക്ക മാധ്യമങ്ങളുടെ വിളിപ്പേരെന്ത് ?

(a) പാരമ്പര്യ മാധ്യമം

(b) ഡിജിറ്റൽ മാധ്യമം

(c) നവ മാധ്യമം

(d) ഇന്റർനെറ്റ് മാധ്യമം

(B) ഇവയ്ക്ക് ചേരുന്ന പ്രയോഗം എന്ത് ?

(a) പത്രം

(b) ഇൻസ്റ്റാഗ്രാം

(c) ഗൂഗിൾ

(d) സൈബർഇടം

VI. "അതിനുള്ള സ്വാതന്ത്ര്യംതന്നാൽ തത്ക്കാലം തൃപ്തിപ്പെടാമല്ലോ അല്ലേ"

(A) ആരുടെ വാക്കുകളാണിത് ?

(a) കച്ചവടക്കാരൻ

(b) വഴിപോക്കൻ

(c) ദിവാകരൻ

(d) അപരിചിതൻ

(B) എന്തിനുള്ള സ്വാതന്ത്ര്യം ?

(a) അല്പനേരം വിശ്രമിക്കാൻ

(b) വെളിച്ചം അണയ്ക്കാൻ

(c) എല്ലാ ഛായാ പടങ്ങളും പരിശോധിക്കാൻ

(d) വീണ്ടും അവിടം സന്ദർശിക്കാൻ

6. തന്നിരിക്കുന്ന ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും രണ്ടെണ്ണത്തിന് ശരിയുത്തരങ്ങൾ എഴുതുക. (ഓരോന്നിനും ഓരോ മാർക്ക് വീതം) **2 × 5 = 10**

(A) "ഭരിച്ചുകൊൾക തവപുത്രനെ വൈകാതെനീ സുരസ്ത്രീസമയായ കൗശിക പുത്രിയോടും "

I. കൗശിക പുത്രി ആരാണ് ?

(a) ശകുന്തള

(b) മേനക

(c) അനസൂയ

(d) പ്രിയംവദ

II. ഇവിടെ സൂചിപ്പിക്കുന്ന കൗശികൻ ആര് ?

(a) കണ്വമഹർഷി

(b) വിശ്വാമിത്രൻ

(c) ദുഷ്യന്തൻ

(d) വസിഷ്ഠൻ

III. തവ പുത്രൻ ആരാണ് ?

(a) ദീർഘാപാംഗൻ

(b) ദുഷ്യന്തൻ

(c) ഭരതൻ

(d) ലക്ഷ്മണൻ

IV. ആരുടെ വാക്കുകളാണ് മുകളിൽ കൊടുത്ത വരികൾ ?

(a) വിശ്വാമിത്രൻ

(b) രാജാവ്

(c) ജനകൂട്ടം

(d) അശരീരി

V. എവിടെ വച്ചാണീ സംഭവം നടക്കുന്നത് ?

(a) കൊട്ടാരത്തിൽ

(b) മാലിനീ തടത്തിൽ

(c) സ്വർഗ്ഗ ലോകത്ത്

(d) ആശ്രമത്തിൽ

(B) “പെണ്ണേ, അബദ്ധമൊന്നും കാണിക്കരുത്. അവളുടെ ജീവിതം അവൾ ജീവിച്ച് തീർത്തോളും” –

I. ആരാണിപ്രകാരം പറയുന്നത് ?

(a) ഡോക്ടർ

(b) ആൺഗൗളി

(c) യുവാവ്

(d) സന്ദർശക

II. ആരോട് പറയുന്നു ?

(a) സന്ദർശകയോട്

(b) നഴ്സിനോട്

(c) പെൺ ഗൗളിയോട്

(d) ആരതിയോട്

III. എന്താണ് ഇതിൽ സൂചിപ്പിക്കുന്ന അബദ്ധം ?

(a) നഴ്സിന്റെ ചികിത്സ

(b) യുവതിയുടെ ആത്മഹത്യ

(c) ആരതിയുടെ തീരുമാനം

(d) പെൺഗൗളിയുടെ ചാട്ടം

IV. ആരുടെ ജീവിതത്തെയാണ് ഇവിടെ ‘അവളുടെ ജീവിതം’ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ?

(a) ആരതി

(b) നഴ്സ്

(c) സന്ദർശക

(d) പെൺഗൗളി

V. ഈ കഥയുടെ ആഖ്യാനത്തിൽ മിന്നി മറയുന്ന ഭാവം ഏതാണ് ?

(a) ആശ്ചര്യം

(b) ഹാസ്യം

(c) ദാർശനികത

(d) ധീരത

(C) "അവരുടെ കണ്ണുകൾ അയാളുടെ തുറന്ന കൺപോളകളിൽ തറച്ചു" –

I. ആരുടെ കണ്ണുകൾ ?

(a) കടക്കാരുടെ

(b) കുട്ടികളുടെ

(c) യാത്രക്കാരുടെ

(d) മാതാ പിതാക്കളുടെ

II. ആരുടെ കൺപോളകളിൽ ?

(a) ദിവാകരന്റെ

(b) കച്ചവടക്കാരന്റെ

(c) എഴുത്തുകാരന്റെ

(d) യാത്രക്കാരന്റെ

III. എവിടെ വച്ച് ?

(a) വഴിയരികിൽ

(b) മൈതാനത്ത്

(c) വീട്ടിൽ

(d) കടയ്ക്കുള്ളിൽ

IV. ആരെഴുതിയതാണീ കഥ ?

(a) കടമ്മനിട്ട

(b) പി. പത്മരാജൻ

(c) ടി. പത്മനാഭൻ

(d) എം.ടി. വാസുദേവൻ നായർ

V. ഇതിൽ ഉപയോഗിച്ചിരിക്കുന്ന രചനാസങ്കേതം ഏത് ?

(a) മിസ്റ്റിക്

(b) സറ്റയർ

(c) ഐറണി

(d) ഫാന്റസി

## ബി. വിഭാഗം / SECTION – B

7. ചുവടെ തന്നിരിക്കുന്ന രണ്ട് ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. **2 × 2 = 4**

   I. ആശങ്കതോന്നുന്ന അലങ്കാരമേത് ? ലക്ഷണവും ഉദാഹരണവും എഴുതുക.

   II. "വാരുണീസേവയാലല്ലോ

   വാസരേശൻ-പതിച്ചിതേ" ഈ വരികളിലെ അലങ്കാരമേത് ? എന്തുകൊണ്ട് ?

8. തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

   **3 × 2 = 6**

   I. ഒരു തോഴി എന്ന നിലയിൽ കേശിനി ഏറ്റവും ഔചിത്യപൂർവ്വമാണ് പെരുമാറുന്നത് എന്ന സമർത്ഥിക്കുക.

   II. കുടുംബവ്യവസ്ഥയിലെ പുരുഷാധിപത്യത്തിന്റെ മുഖമുദ്രകൾ കുഞ്ചൻ നമ്പ്യാർ ആവിഷ്കരിക്കുന്നതെങ്ങനെ ?

   III. നവമാധ്യമങ്ങൾക്ക് ഫിഫ്ത്ത് എസ്റ്റേറ്റ് എന്ന വിളിപ്പേര് വരാൻ കാരണമെന്ത് ?

   IV. വെളിച്ചത്തിനു പിന്നിൽ ഒരു ചതിവുണ്ടെന്ന് ദിവാകരൻ മനസ്സിലാക്കിയതെപ്പോഴാണ് ?

9. തന്നിരിക്കുന്ന ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക. **5 × 3 = 15**

   I. നാടോടി സംസ്കാരത്തിന്റെ അടിത്തറയിൽ കെട്ടിയുയർത്തിയ കിരാതവൃത്തത്തിൽ കാട്ടാളൻ എന്തെല്ലാം നഷ്ടങ്ങളെക്കുറിച്ചാണ് പറയുന്നത് ?

   II. എഴുത്തച്ഛന്റെ ഭാഷാരീതിയുടെ സവിശേഷതകൾ വിവരിക്കുക.

   III. നൈഷധനാണ് ബാഹുകൻ എന്ന് ദമയന്തി മനസ്സിലാക്കിയതെങ്ങനെ ?

   IV. ഗൗളിജന്മം മുന്നോട്ടുവെക്കുന്ന സാമൂഹിക പ്രശ്നങ്ങൾ എന്തെല്ലാമാണ് ?

   V. നവമാധ്യമങ്ങൾക്കുള്ള ജനാധിപത്യസ്വഭാവം പരമ്പരാഗത മാധ്യമങ്ങൾക്കില്ലെന്ന് ലേഖകൻ സമർത്ഥിക്കുന്നതെങ്ങനെ ?

   VI. ദൃശ്യഭാഷയുടെ സൗന്ദര്യം പത്മരാജന്റെ കഥകളുടെ സവിശേഷതയാണ്. പാഠഭാഗത്തു നിന്ന് സന്ദർഭങ്ങൾ കണ്ടെത്തി വിവരിക്കുക.

10. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഒന്നരപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **1 × 5 = 5**

(i) 'അമ്മയ്ക്ക്' എന്ന ശീർഷകം തന്നെയാണ് ഓർമ്മക്കുറിപ്പുകളുടെ ആകർഷണീയതകളിൽ പ്രധാനം എന്ന് സമർത്ഥിക്കുക.

**OR**

(ii) ഓണം, വിഷു, തിരുവാതിര തുടങ്ങിയ കേരളീയ ആഘോഷങ്ങളെക്കുറിച്ച് എം.ടി. പങ്കുവെക്കുന്ന ഓർമ്മകൾ എന്തെല്ലാം ?

11. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.

**1 × 5 = 5**

(i) ആധുനിക ജനതയും ധാർമ്മിക മൂല്യങ്ങളും.

**OR**

(ii) വികസന കാഴ്ചപ്പാടുകളിൽ വരുത്തേണ്ട മാറ്റങ്ങൾ.

12. വിദ്യാഭ്യാസരംഗത്ത് കോവിഡ് 19 സൃഷ്ടിച്ച് മാറ്റങ്ങളെക്കുറിച്ച് ഒരു ലേഖനം പ്രസിദ്ധീകരിക്കണമെന്നാവശ്യപ്പെട്ട് പ്രമുഖ പത്രത്തിന്റെ പത്രാധിപർക്ക് കത്ത് തയ്യാറാക്കുക. **1 × 5 = 5**

---